2) നിക്ഷേപം സ്വരൂപിക്കുന്നതിനും നിക്ഷേപകർക്ക് ഇതര സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി ട്രഷറി ജീവനക്കാർക്ക് നിക്ഷേപത്തുകയുടെ 1% (ഒരു ശതമാനം) എന്ന നിരക്കിൽ ഇൻസന്റീവ് നൽകുന്നുണ്ട്

3) ഇതിന്റെ ഭാഗമായി സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾക്ക് ആകർഷകമായ കവർ മനോഹരമായ സേവിംഗ്സ് ബാങ്ക് ചെക്കുകൾ, സേവിംഗ്സ് ഇടപാടുകൾക്ക് പ്രത്യേക കൗണ്ടർ സൗകര്യം എന്നിവയും നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ട്രഷറി നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്കാണ് നിലവിലുള്ളത്.

(സി) 1998-99 നേക്കാൾ 1999-2000 ൽ ട്രഷറി സേവിംഗ്സിൽ അധികമായി സമാഹരിക്കാൻ കഴിഞ്ഞ തുക വിശദമായി താഴെ കൊടുക്കുന്നു.

| നിക്ഷേപ വിവരം | 1998-99 ലെ നിക്ഷേപം | 1999-2000ലെ നിക്ഷേപം | അധികം സമാഹരിച്ചത് |
|---|---|---|---|
| 1) സേവിംഗ്സ് ബാങ്ക് | 16760119590 | 23113345916 | 635,32,26,326 |
| 2) പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് | 77193568 | 87758679 | 1,05,65,111 |
| 3) സ്ഥിര നിക്ഷേപം | 6259220775 | 11479372236 | 522,01,51,461 |

(ഡി) നിലവിലുള്ള സംവിധാനം തീർത്തും കുറ്റമറ്റതും കുറേക്കൂടി കാര്യക്ഷമമാക്കാനും ഉദ്ദേശിക്കുന്നു.

## ട്രഷറി കംപ്യൂട്ടർവൽക്കരണ നടപടികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

**35 (1858)** ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ട്രഷറി കംപ്യൂട്ടർ വൽക്കരണ നടപടികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) 'ട്രഷറി കംപ്യൂട്ടർ നെറ്റ് വർക്ക്' എന്ന ആശയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത് എത്ര ഘട്ടമായി നടപ്പിലാക്കുവാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(ഡി) കംപ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുവാൻ എന്ത് പദ്ധതിയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്;

(ഇ) കംപ്യൂട്ടർവൽക്കരണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ട്രഷറി ഇടപാടുകൾ സുഗമവും എളുപ്പവും കുറ്റമറ്റതും ആക്കുക, സർക്കാരിന്റെ വരവ് ചെലവു കണക്കുകൾ അതാതു ദിവസം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുക, അക്കൗണ്ടന്റ് ജനറലിന് കൃത്യസമയത്ത് അക്കൗണ്ടുകൾ സമർപ്പിക്കുക എന്നിവയാണ് ട്രഷറി കംപ്യൂട്ടർവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി സർക്കാരിന്റെ സാമ്പത്തിക നില യഥാസമയം അറിയാൻ സാധിക്കുന്നു. വ്യക്തികൾക്ക് ഏത് ട്രഷറിയിൽ നിന്നും അയാളുടെ ബില്ലുകൾ മാറാൻ സാധിക്കുന്നതാണ്.

(സി) മൂന്ന് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജീവനക്കാർക്ക് പരിശീലനം നൽകുന്നതിലേക്കായി കെൽട്രോൺ, ഐ.എം.ജി., എൽ.ബി.എസ്., എൻ.ഐ.സി. എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലന പദ്ധതിയ്ക്ക് രൂപം നൽകി. ജൂനിയർ അക്കൗണ്ടന്റുമാർ മുതൽ ജില്ലാ ട്രഷറി ഓഫീസർമാർ വരെയുള്ളവർക്ക് ഘട്ടംഘട്ടമായി പരിശീലനം നൽകി വരുന്നു.

(ഇ) രണ്ടായിരാമാണ്ടിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

## അഡീഷണൽ ട്രഷറി ജീവനക്കാരനായ ശ്രീ. പ്രഭാകരനെതിരെ അച്ചടക്ക നടപടി

**36 (1859)** ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടക്ക നടപടിയുടെ ഭാഗമായി ട്രഷറി വകുപ്പിലെ അഡീഷണൽ സബ് ട്രഷറി ജീവനക്കാരനായ ശ്രീ. വി. പ്രഭാകരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അദ്ദേഹത്തിന് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർ കലാസാഹിത്യ-സാംസ്ക്കാരിക പരിപാടികളിൽ പങ്കെടുക്കുന്നതിന് നിലവിലുള്ള നിയമ പ്രകാരം എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പൊതുവേദികളിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തതിന്റെ പേരിലാണ് അച്ചടക്ക നടപടികൾ ആരംഭിച്ചത്.

(സി) നിലവിലുള്ള ചട്ടപ്രകാരം കലാ-സാഹിത്യ-സാംസ്ക്കാരിക പരിപാടികളിൽ പങ്കെടുക്കുന്നതിന് ജീവനക്കാർ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്.

## മണി ഓർഡർ വഴി പെൻഷൻ നൽകുന്നതിന് ചെലവ്

**37 (1860)** ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly